## നീര – അന്താരാഷ്ട്ര ലോഗോ, പേര് എന്നിവ ക്ഷണിച്ചുകൊണ്ടുള്ള മത്സരം നടത്തുന്നു.

കേരളത്തിൽ ഉത്പാദിപ്പിക്കുന്ന നീരയെ അന്താരാഷ്ട്ര ബ്രാൻഡോടുകൂടി പുറത്തിറക്കുന്നതിനായി ഫാം ഇൻഫർമേഷൻ ബ്യൂറോ പേരും ലോഗോയും ക്ഷണിച്ചുകൊണ്ടുള്ള മത്സരം നടത്തുന്നു. കേരളത്തിലെ തനതായ ഉത്പന്നം എന്ന നിലയിൽ നീരയെ രാജ്യാന്തരതലത്തിൽ എത്തിക്കുന്നതിന് ഉതകുന്നതായിരിക്കണം ലോഗോയും പേരും. ഏറ്റവും മികച്ച ലോഗോ, പേര് എന്നിവ നിർദ്ദേശിക്കുന്ന വ്യക്തികൾക്ക് 50000 രൂപ വീതം സമ്മാനം നൽകുന്നതാണ്.

പേരും ലോഗോയും fibneeracontest@gmail.com എന്ന ഇ-മെയിലിൽ അറ്റാച്ച്മെന്റ് ആയും **8129284228** എന്ന വാട്സ്ആപ്പ് നമ്പരിലും അയയ്ക്കാവുന്നതാണ്. തപാൽമാർഗം അയയ്ക്കുന്ന എൻട്രികൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം-3 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കവറിനു മുകളിൽ **'നീര ലോഗോ – പേര് മത്സരം'** എന്ന് എഴുതേണ്ടതാണ്. എൻട്രികൾക്കൊപ്പം അയയ്ക്കുന്ന ആളിന്റെ വിലാസം, ഫോൺ നമ്പർ, ഇ-മെയിൽ ഐഡി എന്നിവ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. എൻട്രികൾ സ്വീകരിക്കുന്ന അവസാന തീയതി 15/07/2018. അധിക വിവരങ്ങൾക്ക് www.fibkerala.gov.in സന്ദർശിക്കുകയോ 0471-2318186 എന്ന നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**